**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **07-06-2021 - ൽ മറുപടിയ്ക്ക്**

**നൂറുദിന കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ? | (എ) | നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു: ക്രമ നം. നടപ്പിലാക്കിയ പദ്ധതികൾ 1 കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ എച്ച്.എൻ. കോളനിയിലെ 18 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകി 2 ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം 5 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 3 ആലത്തൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി, എരിമയൂർ, വണ്ടാഴി, മേലാർകോട് എന്നീ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ ശുചിത്വ പദവി നേട്ടം കൈവരിച്ചു. 4 മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി മലമൽ ടെമ്പിൾ റോഡ് റീടാറിംഗ്, ചെറുതറ വേട്ടക്കരുമൻ അമ്പലം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. 5 കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേനോൻ തരിശ് ക്ഷീര സഹകരണ സംഘത്തിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു. 6 ആലത്തൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും ഈസ് ഓഫ് ഡ്യൂയിങ് ബിസിനസ് പ്രകാരം വിവിധ ലൈസൻസുകളും രജിസ്ട്രേഷനുകളും ലഭ്യമാക്കിയും ഈ കാലയളവിൽ 38 വിവിധ സംരംഭകത്വ യൂണിറ്റുകൾ ആരംഭിക്കുകയും 3.45 കോടി രൂപ നിക്ഷേപമുണ്ടാക്കുകയും 226 തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 7 തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് ഒന്നാം ഘട്ടത്തിൽ 235 തൊഴിലവസരങ്ങളും രണ്ടാം ഘട്ടത്തിൽ 74 തൊഴിലവസരങ്ങളും ആലത്തൂർ നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പിന് |

കീഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 8 ആലത്തൂർ നിയോജക മണ്ഡലത്തിൽ പുതിയങ്കം ജി.യു.പി. സ്കൂളിൽ ഒരു കോടി രൂപ ചെലവിൽ 6 ക്ലാസ് മുറികൾ ഉൾപ്പെടുന്ന കെട്ടിടം സ്ഥാപിച്ചു. 9 ലൈഫ് മിഷൻ ആലത്തൂർ നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 43 വീടുകൾ പൂർത്തീകരിച്ചു. 10 ആലത്തൂർ നിയോജക മണ്ഡലത്തിൽ ആലത്തൂർ, മേലാർകോട്, വണ്ടാഴി, എരിമയൂർ, തേങ്കുറിശ്ശി, കുഴൽമന്ദം, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകൾ ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നു. 11 ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ആലത്തൂർ, കിഴക്കഞ്ചേരി, മേലാർകോട്, വണ്ടാഴി, എരിമയൂർ, തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു ടോയ് ലറ്റ് ടേക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയവ നടപ്പാക്കി. 12 നിരത്തുകൾ - പ്രളയത്തോടനുബന്ധിച്ചുള്ള പ്രവൃത്തി (2018-19) കുഴൽമന്ദം-മങ്കര റോഡ് വികസനം പൂർത്തീകരിച്ചു. 13 ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ നിലാവ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 14 ആലത്തൂർ, വണ്ടാഴി, എരിമയൂർ എന്നീ വില്ലേജുകളിൽ യഥാക്രമം 8, 39, 9 എന്നിങ്ങനെ 56 ലക്ഷംവീട് പട്ടയം വിതരണം ചെയ്തു. കൂടാതെ 26 കെ.എസ്.ടി. പട്ടയവും വിതരണം ചെയ്തിട്ടുണ്ട്. 15 റോയൽ പദ്ധതി - ഉദ്ഘാടനം: കിഴക്കഞ്ചേരി, ആലത്തൂർ, എരിമയൂർ പഞ്ചായത്തിലെ 11306 നെൽകർഷകർക്ക് 19,69,051/- രൂപയും തേങ്കുറിശ്ശി, കുഴൽമന്ദം പഞ്ചായത്തിലെ 2019 നെൽ കർഷകർക്ക് 19,06,374/- രൂപയും അനുവദിച്ചിരുന്നു. 16 പച്ചക്കറികളുടെ തറവില പ്രഖ്യാപനം: കിഴക്കഞ്ചേരി കൃഷി ഭവൻ പരിധിയിൽ രജിസ്റ്റർ ചെയ്ത വാഴ, പച്ചക്കറി, കപ്പ കൃഷിക്കാർക്ക് പദ്ധതി ആനുകൂല്യം ലഭിച്ചു വരുന്നു. 259 കർഷകർക്കായി 4,12,833/- രൂപ ധനസഹായമായി നൽകുകയും ചെയ്തു. 16 കേര ഗ്രാമം പദ്ധതി: എരിമയൂർ, ആലത്തൂർ പഞ്ചായത്തുകളിലായി 250 ഹെക്ടർ തെങ്ങു കൃഷിക്ക് 6.25 ലക്ഷം രൂപയുടെ ജൈവ വളം വിതരണം ചെയ്തിട്ടുണ്ട്. 17 തെങ്ങിൻ തൈ വിതരണം: 2100 തെങ്ങിൻ തൈ വിതരണം (വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ) നടത്തി 18 ഫലവൃക്ഷ തൈ വിതരണം: 5717 ഫലവൃക്ഷ തൈ വിതരണം വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ) നടത്തി. 19 റെയിൻ ഷെൽട്ടർ: വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ ഒരു ലക്ഷം രൂപ ചെലവിൽ 2 റെയിൻ ഷെൽട്ടർ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കി. 20 സ്മാം പദ്ധതി: സ്മാം പദ്ധതി പാലക്കാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

| | | | |
|---|---|---|---|
| | | | മുഖേന കർഷകർക്ക് യന്ത്രവൽക്കരണം സഹായം നൽകുന്നതിന് രണ്ടാംഘട്ട ഉദ്ഘാടനം നടപ്പാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ